**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3277** **21.08.2017-ൽ മറുപടിയ്ക്ക്**

**മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ സ്ഥലംമാറ്റം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | | ശ്രീ. തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെയും അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരെയും സ്ഥലംമാറ്റത്തിന് വ്യക്തമായ ഉത്തരവ് നിലനിൽക്കെ, പ്രസ്തുത ജീവനക്കാരെ മാനദണ്ഡങ്ങൾ പാലിക്കാതെ വിവിധ ജില്ലകളിൽ ആർ.ടി.ഒ, സബ് ആർ.ടി.ഒ, ചെക്ക്പോസ്റ്റുകൾ എന്നിവിടങ്ങളിലേക്ക് സ്ഥലംമാറ്റുന്നതുമൂലം ജീവനക്കാർക്കുണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | മാനദണ്ഡങ്ങൾ പാലിക്കാതെ മോട്ടോർ വാഹന വകുപ്പിൽ സ്ഥലംമാറ്റങ്ങൾ നടത്തുന്നില്ല. ചെക്ക് പോസ്റ്റുകളിൽ മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ/ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരെ നിയോഗിക്കുന്നത് സ്ഥലംമാറ്റത്തിന്റെ പരിധിയിൽ വരുന്നതല്ല. ചെക്ക്പോസ്റ്റ് ഉൾപ്പെടുന്ന റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലുള്ള മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ/അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരെയാണ് ചെക്ക്പോസ്റ്റ് ഡ്യൂട്ടിയ്ക്ക് നിയോഗിച്ചിരുന്നത്. എന്നാൽ ചെക്ക്പോസ്റ്റ് പ്രവർത്തനങ്ങൾ അഴിമതിരഹിതവും സംശുദ്ധവുമാക്കണമെന്ന ഉദ്ദേശ്യത്തോടെ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ നൽകുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലും വിജിലൻസ് വകുപ്പ് നൽകുന്ന നിർദ്ദേശങ്ങളുടെ വെളിച്ചത്തിലും ഉദ്യോഗസ്ഥരെ ചെക്ക്പോസ്റ്റ് ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കുന്നതിനും പകരം അതാത് ജില്ലയിലെ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലുള്ള മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ/അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരെ കൂടി ഉൾപ്പെടുത്തി ഓരോ മാസത്തേക്ക് പ്രത്യേകമായി ഡ്യൂട്ടി ലിസ്റ്റ് കമ്പ്യൂട്ടർ സോഫ്റ്റ് വെയർ മുഖാന്തിരം തയ്യാറാക്കുകയാണ് ചെയ്തുവരുന്നത്.ചെക്ക്പോസ്റ്റ്ഡ്യൂട്ടി മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ/അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരുടെ ചുമതലകളിൽപ്പെട്ടതായതിനാലും അവരുടെ പ്രയാസങ്ങൾ പരമാവധി കുറയ്ക്കുന്നതിനും അതാത് ജില്ലാ പരിധിയ്ക്കുള്ളിൽ റൊട്ടേഷൻ അടിസ്ഥാനത്തിലാണ് അവരെ നിയോഗിക്കുന്നത്. |
| (ബി) | ഇത്തരത്തിലുള്ള സ്ഥലംമാറ്റങ്ങൾ മൂലം സർവ്വീസ് ചട്ടങ്ങൾ പ്രകാരമുള്ള അവകാശങ്ങൾ പോലും പ്രസ്തുത ജീവനക്കാർക്ക് നിഷേധിക്കപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? | | |

സെക്ഷൻ ഓഫീസർ